# ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം

## അനസ്തേഷ്യ സേവനങ്ങൾക്കുള്ള സമ്മതപത്രം

ഞാൻ...........................................................................(രോഗിയുടെ പേര്)......................... പിതാവ്/മാതാവ്/ഭാര്യ/ഭർത്താവ്/മകൻ/മകൾ) ആയി സാക്ഷ്യപ്പെടുത്തുന്നു. എന്റെ ശസ്ത്രക്രിയ/കാർഡിയോളജി/റേഡിയോളജി/ ക്ലിനിക്കൽ വിദഗ്ദ്ധൻ (ഡോക്ടർ) എന്നെ ശസ്ത്രക്രിയ/പരിശോധന/ചികിത്സാ നടപടിയുടെ (ചികിത്സയുടെ പേര്.................................... ................) ആവശ്യകതയെക്കുറിച്ച് വിശദമായി വിവരിച്ചു തന്നിട്ടുണ്ട്. ശസ്ത്രക്രിയയുടെ അപകടസാദ്ധ്യതകൾ, മറ്റ് ബദൽ ചികിത്സകൾ, പ്രതീക്ഷിക്കപ്പെടുന്ന ഫലങ്ങൾ, ചികിത്സ ലഭിക്കാതിരുന്നാൽ സംഭവിക്കാവുന്ന കാര്യങ്ങൾ എന്നിവയും എനിക്ക് വിശദീകരിച്ചിട്ടുണ്ട്. ശസ്ത്രക്രിയയ്ക്ക് അനസ്തേഷ്യ സേവനങ്ങൾ ആവശ്യമാണെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്.

### അനസ്തേഷ്യയുടെ തരം

ഉചിതമായ തരം രേഖപ്പെടുത്തുക.

### 1. ജനറൽ അനസ്തേഷ്യ ☐ (ടിക് ചെയ്യുക)

**പ്രതീക്ഷിക്കുന്ന ഫലം:** ശസ്ത്രക്രിയാസമയത്ത് നിങ്ങൾ മയക്കത്തിലായിരിക്കും.
**സാങ്കേതിക വിദ്യ:** സിരകളിലൂടെ ഇഞ്ചക്ഷൻ വഴി മരുന്ന് നൽകപ്പെടുകയും അതുവഴി നിങ്ങൾ അബോധാവസ്ഥയിലാകുകയും ചെയ്യും. അതിന് ശേഷം ശ്വാസകോശത്തിൽ ഒരു ശ്വസന ട്യൂബ് സ്ഥാപിച്ച് ഇടും. ഇതിലൂടെ വാതക രൂപത്തിലുള്ള മരുന്ന് നൽകുകയും ശ്വാസോച്ഛ്വാസം നൽകാനായി വെന്റിലേറ്റർ എന്ന യന്ത്രം ഉപയോഗിക്കുകയും ചെയ്യും. എന്നാൽ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം മരവിപ്പിക്കാനുള്ള മരുന്നുകൾ മാത്രം ഉപയോഗിക്കേണ്ട ആവശ്യമേ ഉള്ളുവെങ്കിൽ, നിങ്ങൾക്ക് സാധാരണയായി ശ്വാസനാളിയിൽ ട്യൂബ്, ശ്വസിക്കാനുള്ള മരുന്നുകൾ, അല്ലെങ്കിൽ ശ്വാസോച്ഛ്വാസം നടത്തുന്ന യന്ത്രം തുടങ്ങിയവയുടെ ആവശ്യമുണ്ടാകില്ല. അതിനുപകരം തുടർച്ചയായി സിരകളിൽ മരുന്നുകൾ നൽകുന്നതിലൂടെ, നിങ്ങളെ മയക്കത്തിൽ നിലനിർത്തും.

**അപകടസാദ്ധ്യതകൾ:** ഓക്കാനം, ഛർദ്ദി, തൊണ്ടവേദന, ശ്വാസ തടസ്സം,പരുക്കൻ ശബ്ദം അല്ലെങ്കിൽ ശബ്ദം നഷ്ടപ്പെടൽ, വായ പല്ലുകൾ, കണ്ണ് എന്നിവയ്ക്ക് മുറിവേൽക്കുക, മയക്കം വിടാനുള്ള താമസം, വയറ്റിലുള്ള ആഹാര പദാർത്ഥങ്ങൾ ശ്വാസകോശത്തിലേയ്ക്ക് കടക്കുക, ന്യുമോണിയ, സ്ഥിരമായ ബലഹീനത, നാഡികൾക്ക് ക്ഷതം ഉണ്ടാകുന്നത് മൂലം മരവിപ്പ്, ശസ്ത്രക്രിയയ്ക്കിടയിൽ എന്താണ് സംഭവിക്കുന്നതെന്ന് രോഗിക്ക് ബോധം വരിക എന്നിവയാണ്.

## 2. സ്പൈനൽ/എപ്പിഡ്യൂറൽ/കോഡൽ അനസ്തേഷ്യ☐ (ടിക് ചെയ്യുക)

**പ്രതീക്ഷിക്കുന്ന ഫലം**: നിങ്ങളുടെ ശരീരത്തിന്റെ താഴത്തെ ഭാഗത്തേക്കോ നെഞ്ചിലേയ്ക്കോ വയറിലേയ്ക്കോ ഉള്ള സംവേദനശക്തിയും അനക്കുവാനുള്ള കഴിവും താൽക്കാലികമായി നഷ്ടപ്പെടും. ശസ്ത്രക്രിയയ്ക്ക് ശേഷം വേദന കുറയ്ക്കുന്നതിന് ഇത് സഹായിക്കും.

**സാങ്കേതികവിദ്യ**: മരുന്ന് നിങ്ങളുടെ നട്ടെല്ലിന്റെ കശേരുക്കൽക്കിടയിലൂടെ സൂചി അല്ലെങ്കിൽ കത്തിറ്റർ കടത്തി അതിലൂടെ നൽകുന്നു.

**അപകടസാദ്ധ്യതകൾ**: ഓക്കാനം, ഛർദ്ദി, തലവേദന, പുറം വേദന, താത്ക്കലികമായ ബലഹീനത, നാഡികൾക്ക് പരിക്ക്, അപസ്മാരം, താത്ക്കാലിക/സ്ഥിരമായ വേദന, കത്തിറ്റർ പൊട്ടിപ്പോകൽ എന്നിവ.

## 3. മയക്കം (സെഡേഷൻ) ☐ (ടിക് ചെയ്യുക)

**പ്രതീക്ഷിക്കാവുന്ന ഫലം:** ശസ്ത്രക്രിയയ്ക്കിടെ നിങ്ങൾക്ക് അവബോധവും ഉത്കണ്ഠയും കുറവായിരിക്കും.

**സാങ്കതികവിദ്യ**: സിരകളിലൂടെ ഇഞ്ചക്ഷൻ വഴി മരുന്ന് നൽകുന്നു. ഇതു നിങ്ങളെ മയക്കത്തിലാക്കുന്നു.

**അപകടസാദ്ധ്യതകൾ**: : ഓക്കാനം, ഛർദ്ദി, ശ്വാസതടസ്സം, രക്തക്കുഴലിന് പരിക്ക്, മന്ദഗതിയിലുള്ള ശ്വസനം, ശസ്ത്രക്രിയയ്ക്കുശേഷം കൃത്രിമശ്വാസോച്ഛ്വാസം ആവശ്യമായി വരിക എന്നിവ.

### പ്രത്യേക സാങ്കേതികവിദ്യകൾ

- **ആർട്ടിരിയൽ ലൈൻ**: രക്തസമ്മർദ്ദം നിരീക്ഷിക്കാൻ കൈയിലോ കാലിലോ ഉള്ള ധമനിയിൽ ഒരു ട്യൂബ് ഇടുന്നു.
- **സെൻട്രൽ വീനസ് ലൈയിൻ**: സിരകളിലെ മർദ്ദം നിരീക്ഷിക്കാൻ നിരീക്ഷിക്കാൻ നിങ്ങളുടെ കഴുത്ത്/നെഞ്ച് അല്ലെങ്കിൽ കാലിലെ വലിയ സിരയിൽ ഒരു ട്യൂബ് ഇടുന്നു.
- **പൾമനറി ആർട്ടറി ലൈൻ**: ഹൃദയസമ്മർദ്ദം നിരീക്ഷിക്കൻ കഴുത്ത്ിൽ അഥവാ നെഞ്ചിൽ ട്യൂബ് ഇടുന്നു.
- **ട്രാൻസ് ഈസോഫേജിയൽ ഇക്കോ കാർഡിയോഗ്രഫി**: ഹൃദയ നിരീക്ഷമത്തിന് അന്നാളത്തിൽ കൂടി ഒരു അൾട്രാസൗണ്ട് പ്രോബ് ഇടുന്നു.
- **ലംബാർ ഡ്രെയിൻ**: സുഷ്മിന ദ്രാവകം നീക്കം ചെയ്യാൻ നിങ്ങളുടെ നട്ടെല്ലിന്റെ കശേരുക്കൽക്കിടയിലൂടെ കത്തിറ്റർ കടത്തിവയ്ക്കുന്നു.
- **ഭാഗികമായി മയക്കിയ അവസ്ഥയിൽ ശ്വാസനാളിയിൽ ട്യൂബ് ഇടുക**: നിങ്ങൾ ശ്വാസം എടുക്കുന്ന അവസ്ഥയിൽ മയക്കിയ ശേഷം ശ്വാസനാളത്തിലേയ്ക്ക് ശ്വസന ട്യൂബ് ഇടുക.
- **ശ്വസനാനന്തരം കൃത്രിമമായി ശ്വാസോച്ഛ്വാസം നൽകൽ**: നിങ്ങളുടെ സുരക്ഷയ്ക്കായി ശസ്ത്രക്രിയയ്ക്ക് ശേഷവും കൃത്രിമമായി ശ്വാസോച്ഛ്വാസം നൽകുന്നു. ഇതിനായി ഉള്ളിലുള്ള ശ്വസന ട്യൂബ് മാറ്റാതിരിക്കുകയോ അല്ലെങ്കിൽ വീണ്ടും സ്ഥാപിക്കുകയോ ചെയ്യുന്നു.
- **ട്രക്കിയോസ്റ്റോമി**: കഴുത്തിലൂടെ ഒരു ശ്വസന ട്യൂബ് ഇടുന്നു.

- **ഉണർന്നിരിക്കുന്ന അവസ്ഥയിൽ ശ്വാസന നാളത്തിൽ ട്യൂബ് ഇടൽ:** നിങ്ങളുടെ സുരക്ഷയ്ക്കായി പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ചും തൊണ്ടയും, ഭാഗികമായി ശ്വാസ നാളവും മരവിപ്പിച്ചും ചിലപ്പോൾ അല്ലാതെയും മയക്കുന്നതിനു മുൻപ് ശ്വസന ട്യൂബ് വായ/മൂക്കിലൂടെ സ്ഥാപിക്കുന്നു.

- **പ്രത്യേക സാങ്കേതിക വിദ്യകളുടെ ഫലങ്ങൾ:** അനസ്തേഷ്യ, ശസ്ത്രക്രിയ, വൈദ്യപരിചരണം, നിരീക്ഷണം എന്നിവയുടെ സുരക്ഷ കൂടുതൽ ഉറപ്പാക്കുന്നു.
- **അപകടസാദ്ധ്യതകൾ:** രക്തക്കുഴലുകൾക്കും ഹൃദയത്തിനും പരിക്ക് സംഭവിക്കൽ, വിരലുകളിലേയ്ക്കോ പാദങ്ങളിലേയ്ക്കോ രക്തപ്രവാഹം നഷ്ടപ്പെടൽ, രക്തസ്രാവം, ശ്വസകോശം ചുരുങ്ങിപ്പോകൽ, വെന്റിലേറ്റർ ഉപയോഗവുമായി ബന്ധപ്പെട്ട ശ്വാസകോശ അണുബാധ, ശ്വാസകോശത്തിന്റെയും നെഞ്ച് ചുമരിന്റെയും ഇടയിലുള്ള ഇടവഴിയിൽ വായു അടിഞ്ഞുകൂടൽ, ഹൃദയമിടിപ്പിൽ അസാധാരണ മാറ്റങ്ങൾ, വായിലോ പല്ലുകളിലോ പരുക്ക്, തലവേദന, പിൻവേദന, നാഡിപരിക്കിനെ തുടർന്നുള്ള വേദന, താൽക്കാലികമോ സ്ഥിരമോ ആയ ബലഹീനത.

നിങ്ങൾക്ക് പരിചരണം നൽകുന്ന അനസ്തേഷ്യ ഡോക്ടർ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് അത് കണ്ടെത്താനും തടയാനും പ്രത്യേക പരിശീലനം നേടിയിട്ടുള്ള വിദഗ്ദ്ധനാണ്. എന്നിരുന്നാലും എല്ലാ തരത്തിലുള്ള അനസ്തേഷ്യക്കും ചില ഗുരുതരമായ അപകട സാദ്ധ്യതകൾ ഉണ്ട്. അപൂർവ്വമെങ്കിലും, താഴെപ്പറയുന്നവ ഇതിൽ ഉൾപ്പെടും. അണുബാധ, അപ്രതീക്ഷിതമായ മരുന്നുകളുടെ പ്രതിപ്രവർത്തനങ്ങൾ, പ്രധാന അവയവങ്ങളിൽ രക്തം കട്ടപിടിക്കൽ, കൈകാലുകൾ തളർന്ന് പോകൽ, ഹൃദയാഘാതം, പക്ഷാഘാതം, മരണം തുടങ്ങിയവ. അനസ്തേഷ്യ ഗർഭിണികളിൽ ഭ്രൂണത്തിന് ദോഷം ഉണ്ടാകാൻ കാരണമായേക്കാം. ശസ്ത്രക്രിയയ്ക്കായി രോഗിയുടെ ശരീരം/ശരീരഭാഗങ്ങൾ ക്രമീകരിക്കുമ്പോൾ നാഡികളിലോ മറ്റു ഭാഗങ്ങളിലോ പരിക്കുകൾ ഉണ്ടാക്കാൻ സാദ്ധ്യതയുണ്ട്. ചില കേസുകളിൽ മികച്ച പരിചരണം നൽകുകയോ ചികിത്സയുമായി ബന്ധപ്പെട്ട ഡോക്ടറുടെ പ്രവർത്തനം സുഗമമാക്കുകയോ ചെയ്യുന്നതിനായി ശസ്ത്രക്രിയയ്ക്കിടയിൽ അനസ്തേഷ്യയുടെ തരത്തിൽ മാറ്റം വരുത്തേണ്ടിവരും. വളരെ അപൂർവ്വമായ സാഹചര്യങ്ങളിൽ, ശ്വാസ നാളത്തിൽ ട്യൂബ് സ്ഥാപിക്കാൻ സാധിക്കാത്ത പക്ഷം ട്രക്കിയോസ്റ്റോമി ചെയ്യേണ്ടിവരാൻ സാദ്ധ്യതയുണ്ട്.

**രോഗിക്ക് നൽകേണ്ട കൂടുതൽ വിവരങ്ങൾ (ഉണ്ടെങ്കിൽ)**

.........................................................................................

.........................................................................................

.........................................................................................

.........................................................................................

ഞാൻ ഈ സമ്മതപത്രം വായിച്ചു/എനിക്ക് വായിച്ചു വിശദീകരിച്ചു തന്നു. പരാമർശിച്ച അനസ്തേഷ്യ സേവനങ്ങളും സാങ്കേതികവിദ്യകളും എന്റെ ശസ്ത്രക്രിയയ്ക്കായി പ്രയോഗിക്കപ്പെടുമെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. ഈ സമ്മതപത്രത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എനിക്ക് വ്യക്തമായി മനസ്സിലായിട്ടുണ്ട്. എനിക്ക് സംശയങ്ങൾ ചോദിക്കാനും അവയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാനും അവസരം നൽകിയിട്ടുണ്ട്. മികച്ച പരിചരണം, വിലയിരുത്തൽ, നൈപുണ്യം എന്നിവ ഉപയോഗിച്ചാലും ചിലപ്പോൾ പ്രശ്നങ്ങളോ അനന്തരഫലങ്ങളോ സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് എനിക്ക് ബോദ്ധ്യമായിട്ടുണ്ട്.
ഞാൻ ഇതിനാൽ അനസ്തേഷ്യ സേവനങ്ങൾക്ക് സ്വമേധയാ സമ്മതം നൽകുന്നു/ അത് നൽകുന്നതിന് അധികാരപ്പെടുത്തുന്നു. അതുപോലെ തന്നെ ഡോക്ടർമാർക്ക് ആവശ്യമായി കാണുന്ന സാഹചര്യങ്ങളിൽ ബദൽ അനസ്തേഷ്യ രീതികൾ ഉപയോഗിക്കാൻ ഞാൻ അനുവാദം നൽകുന്നു.

(പേര്, ഒപ്പ്)

രോഗി/നിയുക്തപ്രതിനിധി ……………………………..

അനസ്ത്തേഷ്യ വിദഗ്ദ്ധൻ……………………………